ഉത്തരം

(എ) ഉണ്ട്.

(ബി) അനുയോജ്യമായ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

തുഴച്ചിൽ താരം ശോഭിനിക്ക് ലഭ്യമാക്കിയ സാമ്പത്തിക സഹായങ്ങൾ

155 (1873) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന സർക്കാർ അന്തർദേശീയ തുഴച്ചിൽ താരം ശോഭിനിയുടെ ചികിത്സക്കായി എന്തൊക്കെ സഹായങ്ങൾ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ശോഭിനിയുടെ ചികിത്സക്കായി ധനസഹായം അഭ്യർത്ഥിച്ചുകൊണ്ടുള്ള അപേക്ഷകൾ ഒന്നും ലഭിച്ചിരുന്നില്ല. ആയതിനാൽ സഹായം നല്കാൻ സാധിച്ചിരുന്നില്ല.

തിരുവനന്തപുരം അന്തർദേശീയ വിമാനത്താവളത്തിന്റെ പുതിയ ടെർമിനൽ

156 (1874) ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം അന്തർദേശീയ വിമാനത്താവളത്തിന്റെ പുതിയ ടെർമിനലിന് ആവശ്യമായ ഭൂമി ഏറ്റെടുത്ത് കൈമാറിയോ ;

(ബി) എങ്കിൽ ടെർമിനലിന്റെ പണി എന്നു തുടങ്ങാനും എപ്പോൾ പൂർത്തിയാക്കാനുമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വിമാനത്താവളത്തിന്റെ വികസനത്തിന് ഇനി എത്ര ഏക്കർ ഭൂമി ഏറ്റെടുക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ; ഈ ഭൂമി എന്നേയ്ക്ക് ഏറെറടുത്ത് നൽകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തിരുവനന്തപുരം അന്തർദേശീയ വിമാനത്താവളത്തിന്റെ പുതിയ ടെർമിനൽ നിർമ്മാണത്തിന് ആവശ്യമെന്ന് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ച 27.57 ഏക്കർ ഭൂമിയും ഏറ്റെടുത്ത് തിരുവനന്തപുരം എയർപോർട്ട് ഡെവലപ്മെന്റ് സൊസൈറ്റിക്ക് കൈമാറിക്കഴിഞ്ഞു.

(ബി) ടെർമിനൽ നിർമ്മാണത്തിന്റെ ടൈം ഷെഡ്യൂൾ ലഭ്യമായിട്ടില്ല.

(സി) വിമാനത്താവള വികസനത്തിന് ഇനി 93 ഏക്കർ ഭൂമികൂടി ഏറ്റെടുക്കേണ്ടതുണ്ട്. അതിനുള്ള സർവ്വേ നടപടികൾ പൂർത്തിയായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly